ഹൈന്ദവീയം

# നാൾ വഴിയിൽ ഈ വഴികൾ.......

- സർക്കാരുകളുടെയും ദേവസ്വം ബോർഡുകളുടെയും ഹിന്ദുവിരുദ്ധ നടപടികൾക്കെതിരെ നിയമ പോരാട്ടങ്ങളിലെ വിജയം.
- ഹൈന്ദവ വിശ്വാസങ്ങളെ അവഹേളിക്കുന്നവർക്കെതിരെ നിയമ നടപടികൾ.
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ചികിത്സ സഹായങ്ങൾ.
- പഠനോപകരണങ്ങൾ, സ്കോളർഷിപ്പുകൾ, മറ്റ് സഹായങ്ങൾ എന്നിവയിലൂടെ ഹൈന്ദവ കുടുംബങ്ങളിലെ പാവപ്പെട്ട കുട്ടികൾക്ക് പഠന പ്രോത്സാഹനം.
- ഹൈന്ദവ സേവയിൽ സജ്ജീവമായ അനാഥാലയങ്ങൾ, സേവാഭാരതി തുടങ്ങിയവ മുഖേനയും സാമ്പത്തിക പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങൾക്ക് നേരിട്ടും മഹാമാരിയുടെ കാലത്ത് സമയോചിത സഹായങ്ങൾ.
- നിർധനരായ ഹിന്ദു പെൺകുട്ടികളുടെ മംഗല്യഭാഗ്യത്തിനും ഹൈന്ദവീയതിന്റെ കയ്യൊപ്പ്.
- ഹൈന്ദവ സംസ്കാരം കുട്ടികളിലേക്ക് പകരുവാനും വളർത്തുവാനുമായി സത്സംഗങ്ങൾ, പരിശീലന പരിപാടികൾ, യുവജന ബോധവൽക്കരണ ക്യാമ്പുകൾ.
- ഹൈന്ദവ സമൂഹത്തിന് മൂല്യബോധനം നൽകുവാനും ബൗദ്ധിക വിഭാഗങ്ങളെ വാർത്തെടുക്കാനും സിമ്പോസിയങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ.

**ഹൈന്ദവീയം ആവശ്യപ്പെടുന്നത്**

ഹൈന്ദവ ശാക്തീകരണം എന്ന സമഗ്രമായ ലക്ഷ്യത്തിലേക്കുള്ള ഒരു പ്രയത്നമാണ് ഹൈന്ദവീയം. a) സ്വയം ശക്തിപ്പെടുത്താനുള്ള ആഗ്രഹവും, b) സമാജത്തിലെ മറ്റുള്ളവരെ ശക്തിപ്പെടുത്താനുള്ള പ്രതിബദ്ധതയും, c) അതിനെല്ലാം ആവശ്യമായ പ്രവർത്തന സന്നദ്ധതയും മാത്രമാണ് നമ്മളിൽ നിന്ന് ഹൈന്ദവീയം ആവശ്യപ്പെടുന്നത്. നമ്മുടെ വരും തലമുറയുടെ അതിജീവനം ദുരിതപൂരിതമാകരുതെങ്കിൽ, നമ്മൾ ഓരോ ദിവസവും കുറഞ്ഞത് ഒരു മണിക്കൂറെങ്കിലും സമാജകാര്യങ്ങൾക്കായി നീക്കിവെയ്ക്കാൻ തയ്യാറാകണം. അതിനുള്ള മനസ്സുണ്ടെങ്കിൽ അവരവർക്ക് സാധ്യമായ പ്രവർത്തനങ്ങളിൽ ഹൈന്ദവീയത്തിനൊപ്പം ഓരോ ഹിന്ദുവിനും ഏർപ്പെടാം.

# ഹൈന്ദവീയം

teamtruehindus@gmail.com
www.haindaveeyamfoundation.in
+91 9966239163

# ഹൈന്ദവീയം

പ്രിയ ബന്ധോ,

സാദരം നമസ്കാരം!

ലോകമേ തറവാടെന്ന സങ്കല്പത്തിൽ ലോകത്തെ ഒന്നായി, നന്നായി കാണാൻ ആഗ്രഹിക്കുന്ന ദർശനങ്ങളുടെ നാട്ടിൽ ജനിച്ച് ജീവിക്കുന്ന, 'ലോക: സമസ്ത: സുഖിനോ ഭവന്തു' എന്ന് പ്രാർത്ഥിക്കുന്ന ജനതയുടെ, ഹൈന്ദവന്റെ വിഷയമാണിത്.

കാലം ഏറെ മാറിയിരിക്കുന്നു. അധികാരവും അധിനിവേശവും രണ്ടല്ലെന്ന് തിരിച്ചറിയുന്നു. സനാതന പാരമ്പര്യത്തിന്റെ മനോവിശാലത അവസരമാക്കി ഹൈന്ദവർ നിരന്തരം അക്രമിക്കപ്പെടുകയാണ്. ഒറ്റപ്പെടുത്തലുകളും ഒഴിവാക്കലുകളും ഒരു തുടർക്കഥയാകുന്നു. ഓരോ ഹിന്ദുവിനെയും നിർണ്ണായകമായ ഒരു പ്രതിസന്ധിയിലേക്ക് എത്തിച്ചിരിക്കുന്നു. ഹിന്ദുവിന്റെ പാരമ്പര്യത്തിലും സംസ്കാരത്തിലും ദേശസ്നേഹത്തിലും ഊന്നിയുള്ള ജീവിതം ഇന്ന് അങ്ങേയറ്റം വെല്ലുവിളികൾ നേരിടുകയാണ്. ഭാരതത്തിന്റെ രാഷ്ട്രീയാധികാരം ലക്ഷ്യമിടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും സംഘടിത ശക്തികളും ഹിന്ദുക്കളെയും ഹൈന്ദവസംസ്കാരത്തെയും ഇല്ലായ്മ ചെയ്യുന്ന അതിക്രമങ്ങൾ ഇതിനകം എത്രയോ അധികമായിരുന്നു. ഈ കാലത്ത് രാഷ്ട്രീയ വിഭിന്നതകളും ജാതിവ്യത്യാസങ്ങളും കൊണ്ട് ഛിന്നഭിന്നമാക്കപ്പെടുന്ന ഹിന്ദുക്കൾ ധാർമ്മികമൂല്യങ്ങളിലൂടെ, ദേശസ്നേഹത്തിലൂടെ ശക്തരാകുകയാണ് വേണ്ടത്.

"ധർമ്മോ രക്ഷതി, രക്ഷിത:"

മനുസ്മൃതിയിലും മഹാഭാരതത്തിലുമെല്ലാം പറയുന്ന ഈ ആപ്തവാക്യം ഒന്ന് മാത്രം മതി, നമ്മെ രക്ഷിക്കാൻ നാം നമ്മുടെ ധർമ്മത്തെ രക്ഷിക്കണമെന്ന് തിരിച്ചറിയാൻ. 'ഹൈന്ദവീയം' ഒരാശയവും വ്യവസ്ഥയുമായി ഓരോ ഹിന്ദുവിലേക്കും എത്തിച്ചേരുകയാണ്. കലഹിക്കാനും അക്രമിക്കാനുമല്ല, സംരക്ഷിക്കാനാണ്. ധർമ്മത്തെയും സംസ്കാരത്തെയും സംരക്ഷിക്കുന്നതിലൂടെ അവനവന്റെ തന്നെ സംരക്ഷയാണ്, അതിജീവനമാണ് നാം ഓരോരുത്തരും ഏറ്റെടുക്കുന്നത്.

നമുക്ക് ഒപ്പമുണ്ടാകാം, ഒന്നിച്ചുണ്ടാകാം.

പ്രണാമങ്ങളോടെ,

ചെയർമാൻ

ഹൈന്ദവീയം ഫൌണ്ടേഷൻ

### എന്താണ് ഹൈന്ദവീയം

ശബരിമല സ്ത്രീ പ്രവേശവുമായി ബന്ധപ്പെട്ട് നാടൊട്ടുക്കും വ്യാകുലതകളും പ്രക്ഷോഭങ്ങളും നടക്കുന്ന കാലത്ത് എന്തെങ്കിലും നാം ചെയ്തേ പറ്റൂ എന്ന് ചിന്തിച്ചു തുടങ്ങിയ ഒരു കൂട്ടമാളുകളുടെ ഫേസ്ബുക് കൂട്ടായ്മയായാണ് 2019 ന്റെ തുടക്കത്തിൽ ഹൈന്ദവീയം ആരംഭിച്ചത്. ആശയവിനിമയമാണ് ഒരു സോഷ്യൽ മീഡിയയുടെ പരമാവധി. ഇന്ന് ഹൈന്ദവീയം അതിനപ്പുറത്തേക്കുള്ള ചുവട് വെയ്പ്പാണ്.

### എന്തുകൊണ്ട് ഹൈന്ദവീയം

ഹൈന്ദവരെ സംബന്ധിക്കുന്നതാണ് ഹൈന്ദവീയം. ഇന്നത്തെ പൊതുസമൂഹത്തിന്റെയും നിലനിൽക്കുന്ന വ്യവസ്ഥയുടെയും വിവിധ കോണുകളിൽ നിന്നുള്ള സമീപനങ്ങളിൽ ഇരയാക്കപ്പെടുന്നവർ മിക്കപ്പോഴും ഹൈന്ദവരാകുമ്പോൾ, ഓരോ ഹിന്ദുവിന്റെയും ശാക്തീകരണം കാലം ആവശ്യപ്പെടുന്ന ഒന്നാണ്. സമാജോദ്ധാരണത്തിനായി വിദ്യാഭ്യാസപരമായും, ആരോഗ്യപരമായും, സാമ്പത്തികമായും, സാമൂഹികമായും, രാഷ്ട്രീയപരമായും, സാംസ്കാരികമായും, കല-സാഹിത്യ-കായിക മേഖലകളിലും, വയോജന പരിപാലനത്തിലുമെല്ലാം ഹൈന്ദവർ ശക്തരാകേണ്ടിയിരിക്കുന്നു. ഓരോ ഹിന്ദുവും സ്വയം പര്യാപ്തമാകേണ്ടിയിരിക്കുന്നു. ആ ഒരു ലക്ഷ്യത്തിലേക്കാണ് ഹൈന്ദവീയം പ്രവർത്തിച്ചുവരുന്നത്.

### എന്തിന് ഹൈന്ദവീയം

എണ്ണമറ്റ ഹിന്ദു സംഘടനകൾ നിലവിലുള്ളപ്പോൾ പിന്നെ എന്തിനാണ് ഹൈന്ദവീയം എന്നത് ഇതിന്റെ രൂപീകരണം മുതൽ ഇതിലേക്കെത്തുന്ന ഓരോരുത്തരും അവരവരോട് ആദ്യം ചോദിച്ച ചോദ്യമാണ്. നാം അറിയുന്നത് പോലെ, നിരവധി ഹൈന്ദവ സംഘടനകൾ നമുക്കുണ്ടായിട്ടും ഹിന്ദു നേരിടുന്ന പ്രശ്നങ്ങൾ കൂടിക്കൂടി വരുന്നതല്ലാതെ കുറയുന്നില്ല. പലപ്പോഴും പരിഹാരങ്ങൾ പാതിവഴിയിലാണ്. പോരായ്മകൾ നൂറായിരമാണ്.

തിരിച്ചറിവിനും ശാക്തീകരണത്തിനും ഓരോ ഹിന്ദുവിലേക്കുമുള്ള എത്തിച്ചേരൽ നന്നായി നടക്കുന്നില്ലെന്ന് വരുമ്പോൾ ആരെങ്കിലും ചെയ്തു തരുമെന്ന് കരുതി കാത്തിരിക്കാനുള്ളതല്ല നമ്മൾ ഓരോരുത്തരുടെയും ജീവിതം. ആ ബോധ്യത്തിലാണ് ഹൈന്ദവീയം രൂപം കൊള്ളുന്നത്. അണ്ണാറക്കണ്ണനും തന്നാലാവത്. ആരെങ്കിലും ചെയ്യാനല്ല, നമ്മൾ തന്നെ ചെയ്യാനാണ് ഹൈന്ദവീയം. പരസ്പരമുള്ള കരുതലും ചേർന്ന് നിൽപ്പും കൊണ്ട് ഒന്നായി, ഒരു ശക്തിയായി മാറുന്നതിനാണ് ഹൈന്ദവീയം.